# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2458 :** **18.7.2011 ന് മറുപടിയ്ക്ക്**

## ന്യൂനപക്ഷ ഐ.ടി.ഐ. കൾ

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഉർദു മീഡിയത്തിൽ ഏതാനും ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിന് 'പ്രൊപ്പോസൽ' സമർപ്പിക്കാൻ 2006-ൽ കേന്ദ്രം അന്നത്തെ സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടിരുന്നുവോ; | (എ) ആവശ്യപ്പെട്ടിരുന്നു |
| (ബി) സർക്കാരിന് സ്വീകാര്യമായ മാധ്യമത്തിൽ ഈ ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിന് കേന്ദ്രം അനുമതി നൽകുകയുണ്ടായോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടർ പ്ലാനിംഗ് കമ്മീഷന് എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവോ; എങ്കിൽ അത് ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | *(ബി & സി)* ഉറുദു സംസ്ഥാനങ്ങളുടെ പഠനമാധ്യമം അല്ലാത്തതിനാൽ ഇംഗ്ലീഷോ പ്രാദേശിക ഭാഷയോ പഠനമാധ്യമമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷന്, ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിനുള്ള ശുപാർശ, 21.4.10-ൽ സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പ്രൊപ്പോസലിന് പ്ലാനിംഗ് കമ്മീഷന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) ഇല്ലെങ്കിൽ പ്രൊപ്പോസൽ സമർപ്പിക്കാതിരുന്നതിന്റെ സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ